(ബി) അപ്രകാരം ഉണ്ടായിട്ടുള്ള ആർബിട്രേഷൻ അവാർഡുകളുടെ ഫലമായി എത്ര രൂപ കൂടുതലായി കൺടാക്ടർമാർക്ക് കൊടുത്തിട്ടുണ്ട്?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പ്): (എ. & ബി.) വിവരം ശേഖരിച്ചുവരുന്നു.

സ്റ്റേറിലെ ശുദ്ധജലവിതരണ പദ്ധതികൾ

* 82. [208] ശ്രീ. എ. എസ്. പുരുഷോത്തമൻ
,, പി. എസ്. ശ്രീനിവാസൻ
,, പി. ഉണ്ണികൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) അടുത്ത കാലത്ത് കൂടിയ വാട്ടർ സപ്ലൈ ബോർഡ് പുതിയതായി ഒരു പദ്ധതിക്കു അംഗീകാരം നൽകിയില്ല എന്നറിയുന്നതു ശരിയാണോ;

(ബി) ഏതെല്ലാം പട്ടണങ്ങളിലാണ് വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഓരോന്നിനും ഇതിനകം ചെലവാക്കിയിട്ടുള്ള തുക എത്ര വീതം;

(ഡി) ഇതിലേതെങ്കിലും സ്കീം വേണ്ടത്ര പ്രവർത്തനക്ഷമമല്ലെന്നു പരാതി ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏത് സ്കീം;

(എഫ്) എന്തു പരിഹാരനടപടികൾ സ്വീകരിച്ചു;

(ജി) കരുനാഗപ്പള്ളിയുടെ തീരപ്രദേശത്തെ "ആലുംകടവ് ആലുംപീടിക" വാട്ടർ സപ്ലൈ സ്കീമിനു പ്രത്യേക അനുമതി നൽകി അടിയന്തിരമായി നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(എച്ച്) 1969-70 വർഷത്തിൽ ഇതേവരെ എത്ര ഗ്രാമീണ ശുദ്ധജല വിതരണപദ്ധതികൾ ആരംഭിച്ചിട്ടുണ്ട്;

(ഐ) കടമക്കുടി വില്ലേജിലെ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ):

(എ) ശരിയാണ്.

(ബി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, കായംകുളം, ആലപ്പുഴ, ചേർത്തല, വടകര, പെരുമ്പാവൂർ, കൊച്ചിൻ കോർപ്പറേഷൻ, ആലുവ, തൃശ്ശൂർ പാലക്കാട്, കോഴിക്കോട്, വടകര.

(സി, ഡി, ഇ; എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) കേന്ദ്രഗവണ്മെൻറിന്റെ സാങ്കേതികാനുമതിയും സംസ്ഥാന വാട്ടർ സപ്ലൈ ബോർഡിന്റെ അംഗീകാരവും ഇല്ലാത്തതിനാലും ധനദൗർലഭ്യംമൂലവും ഈ പദ്ധതി അടിയന്തിരമായി നടപ്പാക്കാൻ കഴിയാതെ വന്നിരിക്കുകയാണ്.

(എച്ച്) പുതുതായി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയൊന്നുംതന്നെ ആരംഭിച്ചിട്ടില്ല.

(ഐ) ഇല്ല.

ശ്രീ. എ. എസ്. പുരുഷോത്തമൻ: ഗ്രേറ്റർ കൊച്ചിൻ ശുദ്ധജലവിതരണ പദ്ധതിയിൽപ്പെട്ടതായ വൈക്കം-വൈപ്പിൻകര പദ്ധതി നടപ്പിലാക്കാൻ കാലതാമസമുണ്ടാകുന്നതിന്റെ കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൺ: ഗ്രേറ്റർ കൊച്ചിൻ വാട്ടർസപ്ലൈ സ്കീമെന്നു പറയുന്നതു് വലിയ ഒരു സ്കീമാണു്. അതിന്റെ ഓരോരോ ഭാഗമായിട്ടു് നടപ്പാക്കിക്കൊണ്ടിരിക്കുകയാണു്. അങ്ങനെ നടപ്പാക്കുമ്പോൾ ഏതേതു ഭാഗത്തിനാണു് മുൻഗണന കൊടുക്കേണ്ടതു്, ഏതുഭാഗത്താണു് ആദ്യം ആരംഭിക്കേണ്ടതു് എന്നുള്ളതും മറ്റും നോക്കുമ്പോൾ ഈ പറയുന്ന സ്ഥലവും അതിൽപ്പെട്ടതാണെങ്കിൽ അവിടെയും ഇതു് ഉടനെ നടപ്പാക്കുന്നതാണു്.

ശ്രീ. എം. എസ്. പുരുഷോത്തമൻ: കൊച്ചിൻ കോർപ്പറേഷൻ പദ്ധതിയുടെ കാര്യത്തിൽ മുൻഗണന കൊടുക്കുമ്പോൾ ഏറ്റവും മുൻഗണനകൊടുക്കേണ്ടതു് വൈപ്പിൻകരയ്ക്കാണെന്നും അതുകൊണ്ടു് അപ്രകാരം ചെയ്യാമെന്നു് ഉറപ്പുതരുകയും ചെയ്തിട്ടുണ്ടു് അതിന്റെ അടിസ്ഥാനത്തിൽ ഉടനെതന്നെ അതിനുവേണ്ട നടപടികളും സ്വീകരിക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ബഹുമാനപ്പെട്ട മെമ്പർതന്നെ ഈ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടു്. അതനുസരിച്ചു് വേണ്ട നടപടികളും നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇവിടെ വെള്ളംകിട്ടാൻ വിഷമമുണ്ടെന്നും മറ്റും അഭിപ്രായമുണ്ടായിട്ടുണ്ടു്. അതു് എങ്ങനെ പരിഹരിക്കാൻ തീരുമാനിച്ചെന്നു പറയാൻ തയ്യാറാകുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: വൈക്കം സ്കീമിനു് വേണ്ടത്ര വെള്ളംകിട്ടാൻ പ്രയാസമായതുകൊണ്ടു് എങ്ങനെ അതു പരിഹരിക്കാമെന്നുള്ളതിനെപ്പറ്റി അന്വേഷിച്ചു. ഏതെങ്കിലും ഒരു നദിയിൽനിന്നും വെള്ളം സംഭരിച്ചു കൊണ്ടുവന്നു് വിതരണം ചെയ്യാമെന്നാണു് വിദഗ്ദ്ധാഭിപ്രായം. അതിനു് വലിയ തുകയും ആവശ്യമാണു്. അതുകൊണ്ടു് അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: തുക കൂടുതൽ ചെലവാകുമെന്നുള്ളതിന്റെ പേരിൽ അതു നടപ്പാക്കാതിരിക്കാൻ പറ്റുകയില്ലല്ലോ. അതുകൊണ്ടു് അതിന്റെ ഇൻവെസ്റ്റിഗേഷൻ നടത്താൻ തയ്യാറാകുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: നടപടി സ്വീകരിക്കാം.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ഈ വർഷം പുതിയ വാട്ടർസപ്ലൈ സ്കീമിനൊന്നും അംഗീകാരം കൊടുത്തിട്ടില്ലെന്നു പറയുകയുണ്ടായി. അതിനു കാരണം ധനദൗർലഭ്യമാണെന്നും പറഞ്ഞു അങ്ങനെയാണെങ്കിൽ ഈ ആവശ്യത്തിലേക്കു് ആവശ്യമായ പണം കിട്ടുന്നതിനുവേണ്ടി ഒരു വാട്ടർസപ്ലൈ കോർപ്പറേഷനോ ബോർഡോ മറ്റോ ഉണ്ടാക്കാൻ തയ്യാറാകുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ഈ പ്രശ്നങ്ങളും എല്ലാം കണക്കിലെടുത്തുകൊണ്ടു് ഗവണ്മെന്റു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. എം. ജോർജ്ജ്: കോട്ടയം ഡിസ്ട്രിക്ടിൽ കുട്ടനാട്ടിലേയും മറ്റും വാട്ടർസപ്ലൈ സ്കീമിനു് അനുമതി കിട്ടിയിട്ടുള്ളതാണു്. ഇതിന്റെ വർക്കു് എന്നു് ആരംഭിക്കുമെന്നു പറയാൻ തയ്യാറാകുമോ, ഈ വർഷംതന്നെ ആരംഭിക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: അംഗീകാരം കൊടുത്തിട്ടുള്ള പദ്ധതികളും പൂർത്തിയാക്കുന്നതിനുവേണ്ടിയാണു് പുതിയ പദ്ധതികളും ആരംഭിക്കേണ്ടെന്നു് കഴിഞ്ഞതവണ കൂടിയ വാട്ടർസപ്ലൈ ബോർഡു് തീരുമാനമെടുത്തതു്. അതുകൊണ്ടു് അനുവദിച്ചിട്ടുള്ളതു് പെട്ടെന്നുതന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണു്.

ശ്രീ. കെ. എം. ജോർജ്ജ്: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തുകയുടെ 50 ശതമാനം കെട്ടിവയ്ക്കാമെന്നു പറഞ്ഞ മൂവാറ്റുപുഴ, കോതമംഗലം, മുതലായ സ്ഥലങ്ങളിലെ കാര്യം ഗവണ്മെന്റു് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: തീരുമാനമായിട്ടില്ല.

ശ്രീ. കെ. ടി. ജോർജ്ജ്: ശുദ്ധജലവിതരണ പദ്ധതികൾ ഏർപ്പെടുത്തുമ്പോൾ പറവൂർപോലുള്ള തീരപ്രദേശങ്ങൾക്കു് മുൻഗണന നൽകാൻ തയ്യാറാകുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ: തീരപ്രദേശങ്ങൾക്കു് പ്രത്യേക പരിഗണന നൽകണമെന്നുള്ളതാണു് ഗവണ്മെന്റിന്റെ ആഗ്രഹം. മഴക്കാലത്തു് വെള്ളത്തിന്റെ കൂടുതലും വേനൽക്കാലത്തു് വെള്ളം കിട്ടാതെയും ഇരിക്കുന്ന സ്ഥലത്തിനു് പ്രത്യേക പരിഗണന കൊടുക്കണമെന്നു് ആഗ്രഹമുണ്ടു്. പക്ഷെ സാമ്പത്തികപരാധീനതമൂലം കഴിയുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്ഥലത്തിന്റെകാര്യം പ്രത്യേകം പരിഗണിക്കാം.

ശ്രീ. വി. വി. കുഞ്ഞമ്പു: എത്രയാണ്ടു് ഒരു കൊല്ലക്കാലത്തിനുമുമ്പു് ബഹുമാനപ്പെട്ട മന്ത്രി നീലേശ്വരത്തുവന്നപ്പോൾ കരിക്കിനുപോലും ഉപ്പുരസമുണ്ടെന്നു് ബോദ്ധ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരുവർഷത്തിനകം അവിടെ ഒരു വാട്ടർ സപ്ലൈ സ്കീം അനുവദിച്ചുതരാമെന്നു് സമ്മതിക്കുകയും ചെയ്തതാണു്. എന്നാൽ ഇതുവരെ അതുസംബന്ധിച്ച നടപടികളും ഉണ്ടായിട്ടില്ല. ഉടനെതന്നെ വേണ്ട നടപടികളും സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ഒരു കൊല്ലത്തിനകം നടപ്പാക്കാമെന്നു് ഞാൻ പറഞ്ഞിട്ടില്ല. ശുദ്ധജലപദ്ധതി നടപ്പാക്കേണ്ടതാവശ്യമാണെന്നും കരിക്കിൽതന്നെ ഉപ്പുരസമുണ്ടെന്നും പറഞ്ഞു. സാമ്പത്തികപരാധീനതമൂലമാണു് അതു നടപ്പാക്കാൻ കഴിയാതെപോയതു്.

ശ്രീ. കെ. എം. ജോർജ്ജ്: കുട്ടനാടു് ജലവിതരണപദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു നിലയിലിരിക്കുന്നു; കോട്ടയം താലൂക്കിന്റെ പടിഞ്ഞാറൻ ഭാഗങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: കുട്ടനാടു് ശുദ്ധജലവിതരണപദ്ധതിയുടെ സ്കീം മുഴുവൻ തയ്യാറാക്കുകയും ഇൻഡ്യാ ഗവണ്മെന്റിന്റെ ടെക്നിക്കൽ സാങ്ഷൻ കിട്ടുകയും ചെയ്തിട്ടുണ്ടു്. പണമില്ലാഞ്ഞതുകൊണ്ടാണു് നടപ്പിലാക്കാത്തതു്. കേന്ദ്രഗവണ്മെന്റിൽനിന്നു് ഒരു പ്രത്യേകപദ്ധതിയായി അംഗീകരിച്ചു് കേന്ദ്രസഹായം കിട്ടുന്നതിനുവേണ്ടി വളരെയധികം സമ്മർദ്ദം ചെലുത്തിയിട്ടുണ്ടു്. കോട്ടയം താലൂക്കിന്റെ പടിഞ്ഞാറൻ ഭാഗങ്ങൾ ഇതിൽ വരുമോ എന്നു പറയാൻ കഴിയുകയില്ല. കഴിയുമെങ്കിൽ ഉൾപ്പെടുത്താം.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കൊടുങ്ങല്ലൂർ സ്കീമിന്റെ യാതൊരു പ്രവർത്തനവും ആരംഭിക്കാത്തതു് എന്തുകൊണ്ടാണു് ?

ശ്രീ. ബി. വെല്ലിംഗ്ടൺ: വാട്ടർ സപ്ലൈ ബോർഡു് മുമ്പു് ആരംഭിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കാതെ പുതിയ സ്കീമുകൾ തുടങ്ങേണ്ടതില്ലെന്നു പറഞ്ഞതുകൊണ്ടാണെന്നു തോന്നുന്നു അതു് ആരംഭിക്കാതിരിക്കുന്നതു്.

ശ്രീ. കെ. കരുണാകരൻ: ശുദ്ധജലവിതരണപദ്ധതിക്കു് കേന്ദ്രഗവണ്മെന്റിൽ നിന്നു് സൗജന്യസഹായമായോ കടമായോ പണം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ തോതു് എന്താണു്; അതു് വർദ്ധിപ്പിക്കുന്നതിനു് സംസ്ഥാന ഗവണ്മെന്റു് നിവേദനം നടത്തിയിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: റൂറൽ വാട്ടർ സപ്ലൈ സ്കീമിനു വേണ്ടിവരുന്ന തുകയിൽ 50 ശതമാനം കേന്ദ്രഗവണ്മെന്റാണു് തരുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: സ്റ്റേറ്റ് ഗവണ്മെൻറ് നീക്കിവയ്ക്കുന്ന തുക കുറവായതു കൊണ്ട് കേന്ദ്രത്തിൽനിന്ന് കിട്ടേണ്ട അനുപാതം നഷ്ടപ്പെടുന്നതിൻറെ ഫലമായി ഇനിയെങ്കിലും ഇക്കാര്യത്തിനു മുൻഗണന കൊടുക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: സംസ്ഥാനഗവണ്മെൻറ് തുക നീക്കിവയ്ക്കാത്തതു കൊണ്ട് കേന്ദ്രത്തിൽനിന്നും കിട്ടുന്നില്ലെന്നു പറയുന്നതു ശരിയല്ല. സംസ്ഥാന ഗവണ്മെൻറ് കഴിയുന്നതിൻറെ പരമാവധി തുക നീക്കിവയ്ക്കുന്നുമുണ്ട്, കേന്ദ്രത്തിൽ നിന്നും കിട്ടാറുമുണ്ട്.

ശ്രീ. കെ. കരുണാകരൻ: കായലോരപ്രദേശങ്ങളിലെ ശുദ്ധജലവിതരണ പദ്ധതികൾക്ക് മുൻഗണന കൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: പ്രത്യേകം പരിഗണിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ചാഴിക്കാടനു് ചോദ്യം ചോദിക്കാൻ ഒരു സന്ദർഭം തരാമെന്നു ഞാൻ പറഞ്ഞതല്ലേ? എന്നിട്ടും മറെറാരു മെംബർ സംസാരിച്ചു കൊണ്ടുനിൽക്കുമ്പോഴാ എന്തിനാണു് എഴുന്നേറു നില്ക്കുന്നതു് ?

ശ്രീ. ജോസഫ് ചാഴിക്കാടൻ: എന്നെ പ്രസംഗത്തിനു വിളിച്ചതിനുശേഷമാണു് ഞാൻ എഴുന്നേറതു്. ആ അവകാശം നഷ്ടപ്പെടാതിരിക്കാൻവേണ്ടിയാണു് ഞാൻ നില്ക്കുന്നതു്.

മി. സ്പീക്കർ: അങ്ങനെ എഴുന്നേറു നിൽക്കണ്ടതു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: സർ, ഇവിടെ ചോദിച്ചിട്ടുള്ള ചോദ്യങ്ങളെല്ലാം ഉത്തരം പറഞ്ഞിട്ടുള്ളതു് സാമ്പത്തികപരാധീനതകൊണ്ടു് അനേകം കാര്യങ്ങളും നടക്കുന്നില്ല എന്നാണു്. നിങ്ങളും ഈ ഭരണം അവസാനിപ്പിച്ചു് ഇറങ്ങിപ്പോകുന്നതിനുമുമ്പു് സാമ്പത്തികപരാധീനത തീർക്കാമെന്നോമറേറാ ആശയുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ: വളരെയധികം നല്ല കാര്യങ്ങളും ചെയ്യാൻ ആഗ്രഹമുള്ളതുകൊണ്ടും കൂടുതൽ കാര്യങ്ങളും ചെയ്യുന്നതുകൊണ്ടുമാണു് സാമ്പത്തികപരാധീനത വരുന്നതു്. ഉദാഹരണമായിട്ടു് ശുദ്ധജലവിതരണപദ്ധതികളും നടപ്പാക്കാൻ വേണ്ടി ഒരു കോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം ഗവണ്മെൻറ് ആലോചിക്കുമോ എന്നു് ഒരു ബഹുമാനപ്പെട്ട മെംബർ ചോദിച്ചു. ഞാൻ പരിശോധിക്കാമെന്നു് മറുപടിയും പറഞ്ഞു. ഇങ്ങനെയുള്ള കാര്യങ്ങളും ചെയ്യേണ്ടതുകൊണ്ടാണു് പല പ്പോഴും സാമ്പത്തികബാദ്ധ്യതയെപ്പററി പറയാൻ ഞങ്ങളും നിർബ്ബന്ധിതരാകുന്നതു്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: കുട്ടനാടു് 5 ലക്ഷത്തോളം തീരദേശവാസികൾക്കു് പ്രയോജനം ലഭിക്കുന്ന ആലുംകടവു് ആലുംപീടിക വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കണമെങ്കിൽ ഇപ്പോൾ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെയുള്ള ഒരു വാട്ടർ സപ്ലൈ ബോർഡു് രൂപീകരിച്ചതിനുശേഷം മാത്രമേ സാധിക്കുകയുള്ള എന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. ബി. വെല്ലിംഗ്ടൺ: സർ, അങ്ങനെയല്ല പറഞ്ഞതു്. ആലുംകടവു് ആലുംപീടിക സ്കീം നടപ്പാക്കണമെങ്കിൽ 16·72 ലക്ഷം ഉറുപ്പിക വേണം. അതു് കോർപ്പറേഷൻ ഉണ്ടായതിനുശേഷം മാത്രമേ ഒക്കുകയുള്ള എന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ഈ കോർപ്പറേഷൻ രൂപീകരിക്കുന്നതിനെപ്പററിയുള്ള പ്രാഥമികമായ ആലോചന വല്ലതും നടത്തിയിട്ടുണ്ടോ? ഇല്ലെങ്കിൽ എത്ര നാളിനകം നടത്താൻ സാധ്യതയുണ്ടെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ഇത്രനാളിനകം പ്രാഥമിക ആലോചന നടത്താൻ കഴിയുമെന്നു് പറയാൻ കഴിയുകയില്ല. കൂടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടു്.

ശ്രീ. ടി. എം. മീതിയൻ: പെരിന്തൽമണ്ണ, കോതമംഗലം, മുതലായ സ്ഥലങ്ങളിൽ വാട്ടർ സപ്ലൈ ബോർഡു് അംഗീകരിച്ചിട്ടുള്ളതാണു്. എന്നിട്ടും ഇതുവരെയും അതിനുവേണ്ട നടപടികളും സ്വീകരിക്കാത്തതു് എന്തുകൊണ്ടാണു്?

ശ്രീ. ബി. വെല്ലിംഗ്ടൺ: വാട്ടർസപ്ലൈ ബോർഡിന്റെ എല്ലാ തീരുമാനങ്ങളെപ്പറ്റിയും ഇപ്പോഴും പറയാൻ കഴിയുകയില്ല.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ): സർ, ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞകൊല്ലം തറക്കല്ലിട്ട ആലത്തൂർ ശുദ്ധജലവിതരണപദ്ധതി തറക്കല്ലിട്ടിട്ടും ഇതുവരേയും ഒരു പണിയും ചെയ്യുകാണുന്നില്ല. ആ പദ്ധതിയുടെ പണി എത്രയുംവേഗം ആരംഭിക്കാൻ വേണ്ട നടപടികളെടുക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: സർ, ഒരു ഡിമിനിസ്റ്റേറ്റീവ് സംഗ്ഷൻ കൊടുത്തതിനുശേഷമാണു് കല്ലിടുന്നതു്. ടെൻഡർ വിളിച്ചതിനുശേഷം മാത്രമേ പണി ആരംഭിക്കാൻ പറ്റുകയുള്ളൂ.

ശ്രീ. കെ. പുരുഷോത്തമൻ പിള്ള: കോട്ടയം ജില്ലയിലെ പൊൻകുന്നം ജലവിതരണപദ്ധതിക്കു് അംഗീകാരം നൽകിയിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: അന്വേഷിച്ചു് മറുപടി പറയാം.

ശ്രീ. കെ. എം. മാണി: ഏതെങ്കിലും ഓയിൽ കമ്പനി റിജക്ടു് ചെയ്ത പൈപ്പുകൾ വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി പബ്ലിക് ഹെൽത്തു് ഡിപ്പാർട്ടുമെന്റു് വാങ്ങിയിട്ടുണ്ടോ? അങ്ങിനെ വാങ്ങിയിട്ടുള്ള പൈപ്പുകൾ ഏതെങ്കിലും പദ്ധതിക്കു വിതരണം ചെയ്തിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ഇതു പൈപ്പുകൾ വാങ്ങുന്നതിനെ സംബന്ധിച്ചുള്ള ചോദ്യമല്ല. എങ്കിലും ചോദിച്ചതുകൊണ്ടു് മറുപടി പറയാം. അങ്ങനെ റിജക്ടു് ചെയ്ത പൈപ്പുകൾ വാങ്ങിയിട്ടില്ല.

ശ്രീ. ഒ. കോരൻ: മലപ്പുറം ജില്ലയുടെ ഭാഗമായ പെരിന്തൽമണ്ണയിൽ ഉടനടി ശുദ്ധജലവിതരണം നടത്തണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് നിവേദനം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനു അടിയന്തിര നടപടിയെടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ശുദ്ധജലവിതരണം നടപ്പിലാക്കണമെന്നു് പറഞ്ഞുകൊണ്ടു് ഏതെല്ലാം പ്രദേശത്തുനിന്നാണു് നിവേദനം കിട്ടിയിട്ടുള്ളതെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. പെരിന്തൽമണ്ണയിൽ വാട്ടർ സപ്ലൈ സ്കീം നടത്തണമെന്നു പറഞ്ഞു് നിവേദനം കിട്ടിയിട്ടുണ്ടോ ഇല്ലയോ എന്നു് ഇപ്പോൾ പറയാൻ കഴിയുകയില്ല.

ശ്രീ. പി. വി. എബ്രഹാം.: ഇനിയും ശുദ്ധജലവിതരണം ഏർപ്പെടുത്തിയിട്ടില്ലാത്ത മുനിസിപ്പാലിറ്റികളും ഉണ്ടായിരിക്കെ പഞ്ചായത്തുകളെക്കാൾ ശുദ്ധജലവിതരണം നടപ്പാക്കുന്ന കാര്യത്തിൽ മുൻഗണന കൊടുക്കുവാൻ ഗവർമ്മെണ്ടു ശ്രദ്ധിക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: മുനിസിപ്പൽ പ്രദേശത്തും ഗ്രാമപ്രദേശത്തും പ്രത്യേക സ്കീമുകളായിട്ടാണു് വാട്ടർസപ്ലൈ നടത്തുന്നതു്. രണ്ടും രണ്ടു മേഖലകളായിട്ടാണു് നടപ്പിലാക്കുന്നതു്. ഗ്രാമപ്രദേശങ്ങളിലെയും പഞ്ചായത്തുകളിലെയും പദ്ധതി നിറുത്തിവച്ചിട്ടു് മുനിസിപ്പൽ പ്രദേശത്തു തുടങ്ങുകയെന്നുള്ളതു് സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺജേക്കബ്ബ്: ഇൻവെസ്റ്റിഗേഷനു ലക്ഷക്കണക്കിനു രൂപ ചില വാക്കിയിട്ടുള്ള കുട്ടനാട്ടെ വാട്ടർസപ്ലൈ സ്കീമിനു് സെൻട്രൽ ഗവണ്മെൻറിൻെറ സാംഗ്ഷൻ ലഭിച്ച സ്ഥിതിക്കു് ആവശ്യമുള്ള സ്ഥലമെടുപ്പിനുള്ള നടപടി ഗവണ്മെൻറു് സ്വീകരിക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: വിവിധ ഘട്ടങ്ങളിലായിട്ടാണു് പണി ആരംഭിക്കേണ്ടതു്, ഇൻവെസ്റ്റിഗേഷൻ അഞ്ചുലക്ഷം രൂപ ചെലവാക്കിയിട്ടുണ്ടു്. ഏറ്റവും ആവശ്യമായിട്ടുള്ള സ്ഥലമെടുപ്പിനുവേണ്ടിയുള്ള പ്രവർത്തനവും ആരംഭിച്ചിട്ടുണ്ടു്.

ശ്രീ. വി. പി. ചെറുകോയതങ്ങൾ: ഗ്രാമങ്ങളിൽ സ്കീമുകൾ നടപ്പിൽ വരുത്തുന്നതിനു് 25 ശതമാനം കാൺട്രിബ്യൂഷൻ പഞ്ചായത്തുകൾ കൊടുക്കണമെന്ന വ്യവസ്ഥയുണ്ടു്, പൊന്നാനി പോലുള്ള വരവു കുറഞ്ഞ പഞ്ചായത്തുകളെ ഇതിൽനിന്നും ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: പട്ടണപ്രദേശങ്ങൾ 50 ശതമാനവും ഗ്രാമപ്രദേശങ്ങൾ 25 ശതമാനവും കാൺട്രിബ്യൂഷൻ കൊടുക്കണമെന്നുള്ളതു് തൽക്കാലം ഭേദഗതി ചെയ്യുവാൻ നിവൃത്തിയില്ല.

ശ്രീ. പി. രവീന്ദ്രൻ: കൊട്ടിയം, ഇരവിപുരം വാട്ടർ സപ്ലൈ സ്കീമിൻെറ പണി പൂർത്തിയായിട്ടും അതിൻെറ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ആ പ്രദേശത്തെ വാട്ടർ സപ്ലൈ സ്കീം പുതുതായി ചില സ്ഥലങ്ങളിലേക്കുകൂടി വ്യാപിപ്പിക്കണമെന്നു് കാണിച്ചു് നിവേദനം കിട്ടിയിട്ടുണ്ടു്. അതിനു കൂടുതൽ പണം ആവശ്യമുള്ളതുകൊണ്ടു് പ്രയാസമുണ്ടു്. തുടങ്ങിവച്ച പണി മുടങ്ങിപ്പോകാതെ വേണ്ട നടപടി സ്വീകരിക്കാം. അതിൻെറ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണു്.

ശ്രീ. ബി. മാധവൻ നായർ: തിരുവനന്തപുരം വെല്ലിംഗ്ടൺ വാട്ടർ വർക്കിൽ ഡിസ്ട്രിബ്യൂഷൻ ലൈനിലെ മോട്ടോറുകളെല്ലാം തകരാറിലായതുകൊണ്ടു് പട്ടണത്തിലെ ഉയർന്ന പ്രദേശങ്ങളിലും മെഡിക്കൽ കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിലെ രോഗികൾക്കും വെള്ളം കിട്ടാത്ത ഒരു സ്ഥിതിവിശേഷമാണു് ഇന്നുള്ളതു്. ഇതു പരിഹരിക്കുന്നതിനു് അടിയന്തിരമായ നടപടി സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: തിരുവനന്തപുരം വാട്ടർ വർക്സിലെ എല്ലാ മോട്ടോറുകളും തകരാറിലാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെഡിക്കൽ കോളേജിൽ കൂടുതൽ ശുദ്ധജലം കിട്ടുന്നതിനുവേണ്ടി അവിടെ പൈപ്പിൻെറ വലിപ്പം കൂട്ടാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടു്. തിരുവനന്തപുരം വാട്ടർ വർക്കിലെ എല്ലാ പൈപ്പുകളും തകരാറിലാണെന്ന ധാരണ ആളുകൾക്കു് വരുത്താതിരിക്കുവാൻ ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. ബി. മാധവൻ നായർ: ഡിസ്ട്രിബ്യൂഷൻ ലൈനിലെ മോട്ടോർ തകരാറിലാണെന്നാണു് ഞാൻ പറഞ്ഞതു്. ഡിസ്ട്രിബ്യൂഷൻ ലൈനിൽ മൂന്നു നാലു മോട്ടോർ ഉണ്ടു്. അതിൽ തകരാറില്ലാത്ത ഒരൊറ്റയെണ്ണം പോലും ഇല്ല. ഇതു സത്യമാണു്.

ശ്രീ. ബി. വെല്ലിംഗ്ടൺ: ഡിസ്ട്രിബ്യൂഷൻ ലൈനിലുള്ള ഒന്നോ രണ്ടോ പൈപ്പുകൾ തകരാറിലാണു്, അവ നന്നാക്കിയിട്ടും ഉണ്ടു്. ഡിസ്ട്രിബ്യൂഷൻ ലൈനിലെ എല്ലാ പൈപ്പുകളും തകരാറിലാണു് എന്നു പറയുന്നതു് ശരിയല്ലെന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. എം. സദാശിവൻ : തിരുവനന്തപുരം സിറ്റിയിലെ ജലക്ഷാമം പരിഹരിക്കാനായുള്ള തിരുവനന്തപുരം ആഗ്മന്റേഷൻ സ്കീമിന്റെ പ്രവർത്തനം ഇന്നു് സ്തംഭനാവസ്ഥയിലാണു്. ഇതിനു വേണ്ട നടപടി ഗവണ്മെന്റു് സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അതിനെപ്പറ്റി അന്വേഷിച്ചു വേണ്ടതു ചെയ്യാം.

ശ്രീ. എ. എസ്സു്. പുരുഷോത്തമൻ : കടലുണ്ടി ചേവായൂർ വാട്ടർ സപ്ലൈ സ്കീം ഈ വർഷം ആരംഭിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അഡ്മിനിസ്ട്രേറ്റീവു് സംഗ്ഷനൊക്കെ ആയിട്ടുണ്ടു്. കഴിയുന്നതും വേഗം ആരംഭിക്കുവാനുള്ള നടപടികളും സ്വീകരിക്കുന്നതാണു്.

ശ്രീ. പി. കെ. രഘവൻ : ശാസ്താംകോട്ടയിലും പരിസരത്തിലും ഒരു കുടിവെള്ളത്തിനു് ഒരു ശ്രമം വരെ കൊടുക്കേണ്ടിവരുന്നു, അതു ജലക്ഷാമമാണു് അവിടെയുള്ളതെന്നു് ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണു്. ആ പ്രദേശത്തു് വാട്ടർ സപ്ലൈ സ്കീം അംഗീകരിച്ചു് നടപ്പാക്കണമെന്നു് പല തവണ ഡി. ഡി. സി. തന്നെ ഗവണ്മെന്റിനു് നിവേദനം നൽകിയിട്ടുണ്ടു്. ഇതിൽ വിസമ്മതത്തിനുള്ള പ്രത്യേക കാരണമെന്താണു് ?

ശ്രീ. ബി. വെല്ലിംഗ്ടൺ : വിസമ്മതത്തിനു് പ്രത്യേക കാരണമൊന്നും ഇല്ല. സാമ്പത്തിക പരാധീനതയുണ്ടെന്നേയുള്ളൂ.

ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ : തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ നെയ്യാറ്റിൻകര താലൂക്കിൽ വാട്ടർ സപ്ലൈ സ്കീം തുടങ്ങുന്നതിനു് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. ഇ. അഹമ്മദു് : ഉത്തരകേരളത്തിലെ പ്രധാന പദ്ധതിയായ തലശ്ശേരി–കണ്ണൂർ–മാഹി ശുദ്ധജല വിതരണ പദ്ധതി എപ്പോഴത്തേക്കു് പൂർത്തിയാകും, പൂർത്തിയാക്കാൻ താമസമെന്താണു് എന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : തലശ്ശേരി–കണ്ണൂർ–മാഹി പദ്ധതിയുടെ പണി വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണു്. സംസ്ഥാന ഗവണ്മെന്റിനു് പണമില്ലാഞ്ഞിട്ടു് എൽ. ഐ. സി. യിൽ നിന്നും ലോണെടുത്തു നടത്തുകയാണു്. അണക്കെട്ടു പൂർത്തിയായി. കേരളത്തിൽ ഇന്നു് ഏറ്റവും വേഗത്തിൽ പണിപൂർത്തിയായിക്കൊണ്ടിരിക്കുന്ന പദ്ധതിയാണിതു്; ലക്ഷ്യമാക്കിയിട്ടുള്ള സമയത്തിനുള്ളിൽത്തന്നെ അതു പൂർത്തിയാകുകയും ചെയ്യും.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പുതിയ സ്കീം തുടങ്ങാൻ പണമില്ലെന്നു പറഞ്ഞു. എന്നാൽ പൂർത്തിയായ പദ്ധതികൾക്കുതന്നെ ചില തകരാറുകളുള്ളതു പരിഹരിക്കാൻ നടപടി എന്തെങ്കിലും എടുക്കുമോ ? വൈക്കം, കൊട്ടാരക്കര മുതലായ പല സ്ഥലത്തും പൂർത്തിയാക്കപ്പെട്ട സ്കീമുകളിൽ വെള്ളം കിട്ടുന്നില്ല. ഇൻവെസ്റ്റിഗേഷന്റെ തകരാറുകൊണ്ടാണിങ്ങനെ വന്നിട്ടുള്ളതു്. ഇതിനു എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : കുളത്തിന്റെ നടുക്കു് പ്രത്യേകമായി കിണറു കുഴിച്ചിട്ടുള്ളതാണു് സോഴ്സ്. ഇത്തരം തകരാറുകൾ ഒഴിവാക്കാൻ വേണ്ടിയാണു് വ്യാപകമായ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടിവരുന്നതു്. അപ്പോൾ താമസമുണ്ടാകും.

ശ്രീ. വി. കൃഷ്ണൻ നായർ : വാട്ടർ സപ്ലൈ ബോർഡു് അംഗീകാരം കൊടുത്തുകഴിഞ്ഞ പല പദ്ധതികളും കോഴിക്കോടു ജില്ലയിൽ ആരംഭിച്ചിട്ടില്ല. എപ്പോൾ ആരംഭിക്കുമെന്നു പറയാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൺ : കോഴിക്കോട് ജില്ലയോട് എനിക്ക് പ്രത്യേകം താല്പര്യമുണ്ട്. അംഗീകാരം കിട്ടിയ പല പദ്ധതികളും ആരംഭിച്ചിട്ടില്ല എന്ന പറഞ്ഞാൽ ശരിയാകുകയില്ല. ഏതു പദ്ധതിയാണെന്ന പറഞ്ഞാലേ മറുപടി പറയാൻ കഴിയൂ.

ശ്രീ. വി. കുട്ടികൃഷ്ണൻനായർ : ഇന്ന പ്രദേശമെന്നു് എടുത്തു പറയേണ്ടെന്ന കരുതിയാണു്: കുന്നമംഗലത്തും മറ്റും വാട്ടർ സപ്ലൈ ബോർഡ് അംഗീകരിച്ച പദ്ധതികൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

ശ്രീ. ബി. വെല്ലിംഗ്ടൺ : ആരംഭിച്ചതിന്റെ പണി പൂർത്തിയാക്കാൻ കഴിയാതിരിക്കെ പുതിയതായി തുടങ്ങരുതു് എന്നുള്ളതുകൊണ്ടാണു് ചില പദ്ധതികൾ ആരംഭിക്കാതിരിക്കുന്നതു്. പ്രയോറിട്ടി അനുസരിച്ചു് പണി ആരംഭിക്കുമ്പോൾ കുന്നമംഗലത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കാം.

ശ്രീ. എസ്. ദാമോദരൻ : ആലപ്പുഴ, അമ്പലപ്പുഴ, ചേർത്തല, കാർത്തികപ്പള്ളി മുതലായ പ്രദേശങ്ങളിൽ ശുദ്ധജലം ലഭിക്കാത്തതുകൊണ്ടു് മന്ത് മുതലായ രോഗങ്ങൾ ഉണ്ടാകുന്നുവെങ്കിലും ശുദ്ധജലവിതരണ പദ്ധതികളുടെ കാര്യത്തിൽ ഈ പ്രദേശങ്ങൾ പ്രത്യേകം പരിഗണിക്കപ്പെട്ടിട്ടില്ല. അതുകൊണ്ടു് ഈ പ്രദേശങ്ങൾക്കു് പ്രത്യേക പരിഗണന നൽകാൻ ദയവുണ്ടാകുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : ഈ പ്രദേശങ്ങളുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകുന്നതാണു്

ശ്രീ. ടി. എ. മജീദ് : സർ, ഞാൻ ഒരു ചോദ്യംകൂടി ചോദിച്ചു കഴിയുമ്പോഴേക്കും എല്ലാവരുടെയും നിയോജകമണ്ഡലങ്ങളുടെ കാര്യം പറഞ്ഞുകഴിയും.

മി. സ്പീക്കർ : എല്ലാം ചോദിച്ചു കഴിഞ്ഞശേഷം, വേണം എന്റെ നിയോജകമണ്ഡലത്തിന്റെ കാര്യം ചോദിക്കാൻ എന്നു വിചാരിച്ചിരിക്കുകയാണു്.

ശ്രീ. ടി. എ. മജീദ് : വക്കലെ കടപ്പുറം മുതലായ സ്ഥലങ്ങളിലെ പദ്ധതിയെക്കുറിച്ചാണു്. വക്കലയിൽ 10 വർഷം മുൻപു്, കുടിക്കാനുള്ള പച്ചവെള്ളം കൊടുക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ സ്കീം ആഗസ്റ്റ് 15-നു് ഉദ്ഘാടനം ചെയ്യാൻ പോകുന്നതായി ഡി. ഡി. സി. യിൽ പറഞ്ഞുകേട്ടു. ഉദ്ഘാടനത്തിനു ക്ഷണക്കത്തു വല്ലതും കിട്ടിയിട്ടുണ്ടോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : വളരെയധികം കത്തുകൾ വരാറുണ്ടു്. അതിൽ ഉദ്ഘാടനത്തിന്റെ ക്ഷണക്കത്തുണ്ടോ എന്നുള്ളതു് നോക്കിവേണം പറയാൻ. അതുകൊണ്ടു് നോട്ടീസുവേണം.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള : കടപ്പുറം നന്നാക്കേ തലപ്പുറം പൊടിക്കൂ, എന്നറിയാമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : അറിഞ്ഞുകൂടാ.

മി. സ്പീക്കർ : ആദ്യമായി ചെയ്യേണ്ടതു കടപ്പുറം ആണെന്നാണു്.

ശ്രീ. കെ. ടി. ജോർജ്ജ് : ബേക്കൽ വാട്ടർ സപ്ലൈ ആൻഡ് സിവിൽ സർവീസ് സ്കീം നിറുത്തിവയ്ക്കാൻ കാരണമെന്തു് ?

ശ്രീ. ബി. വെല്ലിംഗ്ടൺ : നോട്ടീസുവണം.

ശ്രീ. എം. കെ. ദിവാകരൻ : റാന്നി വാട്ടർസപ്ലൈ സ്കീമിന്റെ പണിയാരംഭിച്ചിട്ട് എട്ടുവർഷമായി. എന്നത്തേക്ക് അതു പൂർത്തിയാകുമെന്നു പറയാൻ ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൺ : ഒരു പദ്ധതിയുടെ പണി എന്നു് പൂർത്തിയാകുമെന്നുള്ളതു് അനേപ്ഷിച്ചേ പറയാൻ കഴിയൂ; അനേപ്ഷിക്കാം.

ശ്രീ പി. എസ്. നമ്പൂതിരി : നാഷണൽ ഹൈവേ ക്രോസുചെയ്യേണ്ട പല വാട്ടർസപ്ലൈ സ്കീമുകൾക്കും കേന്ദ്രഗവണ്മെൻറിൻെറ അനുവാദം കിട്ടാത്തതുകൊണ്ടാണു് പണിയാരംഭിക്കുകയോ പൂർത്തിയാക്കുകയോ ചെയ്യാൻ സാധിക്കാത്തതെന്നറിയുന്നു, കേന്ദ്രഗവണ്മെൻറിൻെറ അനുവാദം വാങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ: നാഷണൽ ഹൈവേ ക്രോസുചെയ്തു് ചെയ്യേണ്ട പദ്ധതികൾക്കു് അനുവാദം കിട്ടാത്തതുമൂലം പണി തുടങ്ങാൻ കഴിയാതെവന്നിട്ടുണ്ടു്. കൊട്ടിയം വാട്ടർ സപ്ലൈ സ്കീമിൻെറ കാര്യത്തിൽത്തന്നെ ശ്രീ. എൻ. ശ്രീകണ്ഠൻ നായർ എം. പി. നേരിട്ടു സ്വാധീനം ചെലുത്തിയാണു് കേന്ദ്രഗവണ്മെൻറിൻെറ അനുവാദം വാങ്ങിയതു്. മറ്റു പദ്ധതികളുടെ കാര്യത്തിലും ചർച്ചകളും മറ്റും നടന്നുവരികയാണു്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: ശാസ്താംകോട്ട കായലിലെ വെള്ളം കൊല്ലം മുതലായ സമീപപ്രദേശങ്ങളിലേക്കു് വിതരണം നടത്തുന്നതുകൊണ്ടു് ശാസ്താംകോട്ട കായലിലെ ജലനിരപ്പു താഴുന്നതിനാൽ അവിടെ വെള്ളം കിട്ടാതിരിക്കുന്നതു പരിഗണിച്ചു്, ശാസ്താംകോട്ട ഫിൽറ്ററർ ഹൗസിൽനിന്നു് ആ പ്രദേശങ്ങളിലേക്കുമാത്രം ശുദ്ധജലം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ: കൊല്ലത്തേയ്ക്കു വെള്ളം കൊണ്ടുപോകുന്നതിനെപ്പറ്റിയുള്ള പരാതിയുടെ അടിസ്ഥാനത്തിൽ അനേപ്ഷണം നടത്തിയതിൽ വിദഗ്ദ്ധന്മാർ പറയുന്നതു് അതുകൊണ്ടു് ആ പ്രദേശങ്ങളിലുള്ളവർക്കു് യാതൊരു ബുദ്ധിമുട്ടുമുണ്ടാവുകയില്ലെന്നാണു്. ആനുപാതികമായ കാൺടിബ്യൂഷൻ പഞ്ചായത്തുകാർ നൽകുകയും വാട്ടർസപ്ലൈ സ്കീമിനു് അംഗീകാരം കിട്ടുകയും ചെയ്താൽ അവിടെ സ്കീം നടപ്പാക്കാം.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : കൊല്ലം വാട്ടർസപ്ലൈ സ്കീമിനു് ഒഴികെ മറ്റൊരു പ്രദേശത്തേക്കും ശാസ്താംകോട്ട കായലിൽനിന്നു് കൊടുക്കാൻപാടില്ലെന്നു് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുള്ള സ്ഥിതിക്കു്, ശാസ്താംകോട്ടക്കായലിലെ വെള്ളംതന്നെ പതിനഞ്ചു പട്ടണങ്ങളിലേക്കു വിതരണം നടത്താൻ പറ്റുകയില്ലെന്നു മനസ്സിലാക്കിക്കൊണ്ടു് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : വിദഗ്ദ്ധന്മാർ റിശോധിച്ചശേഷം, ശാസ്താംകോട്ടക്കായലിൽനിന്നു് പരിസരപ്രദേശങ്ങൾക്കു് വെള്ളം വിതരണം ചെയ്യുന്നതു നിമിത്തം അവിടെ ജലക്ഷാമമുണ്ടാവുകയില്ലെന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനം

* 83. [209] ശ്രീ. കെ. ചാത്തുണ്ണിമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലെ ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ ആവശ്യമായ വല്ല നടപടികളും എടുത്തിട്ടുണ്ടോ ;

(ബി) മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ ചെകുത്താൻകുണ്ടു് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ വല്ല നടപടികളും എടുത്തിട്ടുണ്ടോ ;

(സി) ഇതിനെസംബന്ധിച്ചു് ഗവണ്മെൻറിനു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി കൈക്കൊണ്ടു ?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പു്): (എ to ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly